നം:ICDS.B1-624/2011

സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി 10.11.2011

# സർക്കുലർ

വിഷയം :- സാമൂഹ്യക്ഷേമ വകുപ്പ് - 95 അഡീഷണൽ പ്രോജക്ടുകൾ പ്രവർത്തനക്ഷമമാക്കുന്നത് - ഭരണപരമായ ക്രമീകരണങ്ങൾ - സംബന്ധിച്ച്.

സൂചന :- 1. സ.ഉ(എം.എസ്)നം.96/2010/സാ.ക്ഷേ.വ. തീയതി 15.12.10.
2. സാമൂഹ്യക്ഷേമ ഡയറക്ടറുടെ 30.12.10ലെ ഐസിഡിഎസ്. ബി1-38611/10 നമ്പർ കത്ത്.

കേരളത്തിലെ അംഗൻവാടികളുടെ എണ്ണം കൂടുതലുള്ള ഐസിഡിഎസ് പ്രോജക്ടുകൾ സൂചന ഒന്ന് പ്രകാരം വിഭജിച്ച് 95 പുതിയ ഐസിഡിഎസ് പ്രോജക്ടുകൾ രൂപീകരിക്കുകയും അവയിൽ സിഡിപിഒമാരെ നിയമിക്കുകയും ചെയ്തു. പുതിയ പ്രോജക്ടുകൾക്ക് സാമ്പത്തിക ഇടപാടുകൾ നടത്തുന്നതിനുള്ള Treasury authorization ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള പ്രോജക്ടുകൾ വിഭജിച്ച് പ്രത്യേക പ്രോജക്ടുകളാക്കിയ സാഹചര്യത്തിൽ Treasury authorization ലഭിച്ച് പ്രോജക്ടുകളുടെ പ്രവർത്തനം പൂർണ്ണരൂപത്തിലാകുന്നതുവരെയുള്ള ഭരണപരമായ കാര്യങ്ങൾക്ക് സംവിധാനം ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. ഈ ആവശ്യത്തിലേയ്ക്കായി ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 95 പുതിയ ഐസിഡിഎസ് പ്രോജക്ടുകളിൽ ചുമതല ഏറ്റെടുത്ത സിഡിപിഒമാർ പഴയ ഓഫീസിൽ ചുമതല കൈമാറിയതും പുതിയ പ്രോജക്ടിൽ ചുമതല ഏറ്റെടുത്തതുമായ, RTCയുടെ രണ്ട് പകർപ്പ് വീതം അടിയന്തിരമായി സാമൂഹ്യക്ഷേമ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. പല ഓഫീസർമാരും പഴയ ഓഫീസിൽ ചുമതല കൈമാറിയ RTC സമർപ്പിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

2. Treasury authorization ലഭിച്ച് പുതിയ പ്രോജക്ടുകൾക്ക് തുക മാറാൻ അനുമതി ലഭിക്കുന്നതുവരെ അംഗൻവാടി വർക്കർമാരുടെ ഹോണറേറിയം ഉൾപ്പെടെയുള്ള എല്ലാവിധ സാമ്പത്തിക ഇടപാടുകളും വിഭജിച്ചുനൽകിയ പഞ്ചായത്തുകൾ, വിഭജനത്തിന് മുൻപ് ഏത് ഐസിഡിഎസ് പ്രോജക്ടിൽ ഉൾപ്പെട്ടിരുന്നുവോ അതേ പ്രോജക്ടിൽ നിന്നുതന്നെ നടത്തേണ്ടതാണ്.

3. 95 പുതിയ പ്രോജക്ടുകളുടെ ഉദ്ഘാടനവും അനുബന്ധ ജോലികളും അടിയന്തിരമായി നിർവ്വഹിക്കേണ്ടതിനാൽ ജില്ലയിലെ ഐസിഡിഎസ് പ്രോജക്ടുകളുടേയും സ്വന്തമായുള്ളതോ വാടകയ്ക്ക് എടുത്തിട്ടുള്ളതോ ആയ വാഹനങ്ങളിൽ നിന്നും പുതിയ പ്രോജക്ടുകളുടെ ആവശ്യാനുസരണം ഉപയോഗിക്കേണ്ടതാണ്. ഇതിനുള്ള ക്രമീകരണങ്ങൾ ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർ നിർവ്വഹിക്കേണ്ടതാണ്.

4. പുതിയ പ്രോജക്ടുകളുടെ ഉദ്ഘാടനത്തിനും ബന്ധപ്പെട്ട ക്രമീകരണങ്ങൾക്കുമായി (ceremonial function) പരമാവധി 8,000/-രൂപ വരെ 2235-02-102-98(പി)34 ഒ.സി ശീർഷകത്തിൽ നിന്നും വിഭജനത്തിന് മുൻപുള്ള പ്രോജക്ടുകളിൽ നിന്നും മാറി അതാത് പുതിയ പ്രോജക്ടുകളുടെ

സിഡിപിഒമാർക്ക് നൽകേണ്ടതാണ്. ഇത് സംബന്ധമായി പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

5. പുതുതായി ആരംഭിച്ച 95 പ്രോജക്ടുകളുടെ പരിധിയിൽ വരുന്ന സൂപ്പർവൈസർമാർക്ക് അനുവദിച്ചിട്ടുള്ള ഫർണിച്ചർ, നിലവിലുള്ള പ്രോജക്ടിൽ നിന്നും പുതിയ പ്രോജക്ടിലേക്ക് മാറ്റി നൽകേണ്ടതാണ്. കൂടാതെ നിലവിലുള്ള പ്രോജക്ടിൽ അധികമായി ലഭ്യമായ ഫർണിച്ചറും പുതിയ പ്രോജക്ടുകൾക്ക് നൽകേണ്ടതാണ്. പുതിയ പ്രോജക്ടുകളുടെ ആസ്ഥാന കാര്യാലയമായി നിശ്ചയിച്ചിട്ടുള്ള LSG കാര്യാലയങ്ങളിൽ നിന്നും ഫർണിച്ചർ ലഭ്യമാക്കി ഓഫീസ് പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

6. പുതിയ 95 പ്രോജക്ടുകൾക്ക് ആവശ്യമായ സ്റ്റേഷനറി, രജിസ്റ്ററുകൾ മുതലായവ ലഭിക്കുന്നതിനുള്ള അപേക്ഷ ജില്ലയിലെ സ്റ്റേഷനറി ഓഫീസർക്ക് നൽകി അനുമതി ലഭ്യമാക്കി സാധനങ്ങൾ വാങ്ങേണ്ടതാണ്.

7. പുതുതായി രൂപീകരിച്ച 95 പ്രോജക്ടുകളുടെ പരിധിയിൽ വരുന്ന പഞ്ചായത്ത്/വാർഡുകളിലെ സൂപ്പർവൈസർമാർ സ്വാഭാവികമായും ബന്ധപ്പെട്ട അതാത് പ്രോജക്ടുകളുടെ സൂപ്പർവൈസർമാരായി മാറുന്നതാണ്.

8. എന്നാൽ സർക്കാർ ഉത്തരവ് പ്രകാരം സർവ്വീസിൽ regularize ചെയ്യാത്ത കോൺട്രാക്ട് സൂപ്പർവൈസർമാരെ അവർ ഏത് ഓഫീസിലാണോ കോൺട്രാക്ട് ഒപ്പിട്ടിട്ടുള്ളത് അവിടെ നിലനിർത്തേണ്ടതാണ്. പകരം അനുയോജ്യമായ ക്രമീകരണം സിഡിപിഒ നടത്തേണ്ടതാണ്.

9. ഐസിഡിഎസ് പ്രോജക്ടുകളും ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയും പുനഃക്രമീകരിച്ച് ഉത്തരവായിട്ടുള്ളതു കൊണ്ടും പൊതുസ്ഥലംമാറ്റ അപേക്ഷകൾ പ്രോജക്ടുകളുടെ പുനഃക്രമീകരണത്തിന് മുൻപ് ക്ഷണിച്ചിട്ടുള്ളതുകൊണ്ടും അപേക്ഷകളിൽ മാറ്റം വരാൻ സാദ്ധ്യതയുള്ളത് പരിഗണിച്ച് ഐസിഡിഎസ് പ്രോജക്ടുകളിലേയ്ക്കുള്ള സ്ഥലംമാറ്റ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31.1.2011 ആയി മാറ്റി നിശ്ചയിച്ചിരിക്കുന്നു.

10. സൈക്കോ സോഷ്യൽ പദ്ധതി സംബന്ധിച്ച 31.3.2011 വരെയുള്ള അക്കൗണ്ടും പണമിടപാടുകളും നിലവിലുള്ള പ്രോജക്ടുകളിലെ സിഡിപിഒമാർ നിർവ്വഹിക്കേണ്ടതാണ്.

11. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്ലാൻ പദ്ധതികൾക്ക് ഇതിനകം അംഗീകാരം ലഭിച്ച് നടപ്പിലാക്കി വരുന്നതിനാൽ SNP ഉൾപ്പെടെയുള്ള എല്ലാ പദ്ധതി നിർവ്വഹണവും ഈ സാമ്പത്തികവർഷം നിലവിലുള്ള സിഡിപിഒമാർ നിർവ്വഹിക്കേണ്ടതാണ്.

12. ഐസിഡിഎസുകളിലെ അംഗൻവാടി നമ്പർ ക്രമീകരണവും ട്രഷറി അനുമതി നൽകി പ്രത്യേകം MPR തയ്യാറാക്കുന്നതോടെ നടത്തേണ്ടതാണ്.

13. 31.10.2010 വരെയുള്ള താൽക്കാലിക ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റ് നിലവിലുള്ള പ്രോജക്ടിൽ തന്നെ തയ്യാറാക്കേണ്ടതാണ്.

സാമൂഹ്യക്ഷേമ ഡയറക്ടർ

എല്ലാ ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്കും

പകർപ്പ് : 1. ജില്ലാസാമൂഹ്യക്ഷേമ ഓഫീസർമാർ
2. ശിശുവികസനപദ്ധതി ഓഫീസർമാർ (പ്രോഗ്രാം ഓഫീസർമാർ മുഖേന)